## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 768** **09.08.2017-ൽ മറുപടിയ്ക്ക്**

## പട്ടികവർഗ്ഗക്കാരുടെ പാർപ്പിട പ്രശ്നപരിഹാരത്തിനായി കൈക്കൊണ്ട നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.എ.പി. അനിൽ കുമാർ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പട്ടികവർഗ്ഗക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദമാക്കാമോ; | എ) | ഈ സർക്കാർ അധികാരത്തിൽ എത്തിയ ശേഷം സംസ്ഥാനത്തൊട്ടാകെ 15149 ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്ന് കണ്ടെത്തുകയും, ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വീട് അനുവദിക്കുന്നതിനും, പണി പൂർത്തിയാക്കാത്ത വീടുകൾ വാസയോഗ്യമാക്കിത്തീർക്കുന്നതിനും നടപടി സ്വീകരിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 2016-17 സാമ്പത്തിക വർഷം ഭവനരഹിതരായ 6709 പട്ടികവർഗ്ഗക്കാർക്ക് വിവിധ ഭവനിർമ്മാണ പദ്ധതികളിലുൾപ്പെടുത്തി വീട് അനുവദിച്ചിട്ടുണ്ട്. കൂടാതെ മുൻ വർഷങ്ങളിൽ അനുവദിച്ച് സ്പിൽ ഓവർ പ്രവർത്തികൾക്കായും 189.74 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തികവർഷം 115.08 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ നാളിതുവരെയായി ടി പദ്ധതിക്കായി 52.92 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം മുതൽ ലൈഫ് മിഷൻ പദ്ധതിയിൻകീഴിൽ ഭവന നിർമ്മാണ പദ്ധതി നടപ്പാക്കുന്നതാണ്. |

| | | | |
|---|---|---|---|
| ബി) | ഇവർക്കുവേണ്ടി പുതുതായി അനുവദിച്ചത് എത്ര വീടുകളാണെന്ന് വിവരിക്കുമോ; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2016-17 സാമ്പത്തികവർഷം ഹഡ്കോ ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി 2980 വീടുകളും, ജനറൽ ഹൗസിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തി 1875 വീടുകളും, വനബന്ധു കല്യാൺ യോജന പദ്ധതി പ്രകാരം 1854 വീടുകളും ഉൾപ്പെടെ ആകെ 6709 വീടുകൾ അനുവദിച്ചിട്ടുണ്ട്. |
| സി) | എത്ര വീടുകളുടെ നവീകരണമാണ് ഇക്കാലയളവിൽ നടന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | സി) | പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വിവിധ സർക്കാർ ഏജൻസികൾ മുഖേന അനുവദിച്ച് നൽകിയതും, നിലവിൽ വാസയോഗ്യമല്ലാത്തതുമായ വീടുകളുടെ പണി പൂർത്തിയാക്കുന്നതിനും, അറ്റകുറ്റപ്പണി, നവീകരണം എന്നിവയ്ക്കും വീടൊന്നിന് പരമാവധി ഒരു ലക്ഷം രൂപ വരെ അനുവദിച്ചു വരുന്നു. 2016-17 സാമ്പത്തികവർഷം 700 വീടുകൾ പുനരുദ്ധരിക്കുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം ഇത്തരത്തിൽ 550 വീടുകളുടെ പുനരുദ്ധാരണത്തിനായി വിവിധ ജില്ലകൾക്ക് തുക അനുവദിച്ചിട്ടുണ്ട്. |
| ഡി) | സ്പിൽ ഓവറായ എത്ര ഭവനങ്ങൾ പൂർത്തീകരിക്കുകയുണ്ടായെന്ന് വെളിപ്പെടുത്താമോ; | ഡി) | ഈ സർക്കാർ അധികാരത്തിൽ എത്തിയ ശേഷം വകുപ്പ് മുഖേന അനുവദിച്ച് സ്പിൽ ഓവറായ 24314 വീടുകളിൽ നാളിതുവരെയായി 5414 വീടുകൾ പൂർത്തീകരിച്ചു. |
| ഇ) | ഏതെല്ലാം പദ്ധതികൾ ആണ് പാർപ്പിട പ്രശ്നപരിഹാരത്തിനായി പ്രയോജനപ്പെടുത്തിയതെന്ന് വിവരിക്കാമോ? | ഇ) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വീട് അനുവദിക്കുന്നതിനായി സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട വിവിധ ഭവന നിർമ്മാണ പദ്ധതികൾ ചുവടെ ചേർക്കുന്നു.

### 1. ജനറൽ ഹൗസിംഗ് പദ്ധതി

ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് പുതിയ വീട് നിർമ്മിക്കുവാൻ/മുൻവർഷങ്ങളിൽ അനുവദിച്ച വീടുകളുടെ സ്പിൽ ഓവർ പ്രവൃത്തികൾ/ഭവന പുനരുദ്ധാരണം മുതലായവയ്ക്കുള്ള സാമ്പത്തിക സഹായമാണ് ഈ പദ്ധതി മുഖാന്തിരം നൽകി വരുന്നത്. പട്ടികവർഗ്ഗക്കാരുടെ ഭവനനിർമ്മാണ ധനസഹായം രണ്ടര ലക്ഷം രൂപയിൽ നിന്നും മൂന്നര ലക്ഷം രൂപയായി സർക്കാർ ഉത്തരവ്(കൈ)നം. 36/2015/പജപവവിവ തീയതി 14/5/15 പ്രകാരം വർദ്ധിപ്പിച്ച് നൽകി വരുന്നു. 2016-17 സാമ്പത്തിക വർഷം ജനറൽ ഹൗസിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തി 1875 വീടുകൾ പട്ടികവർഗ്ഗക്കാർക്കായി അനുവദിച്ചിട്ടുണ്ട്. ആയത് ഒന്നാം ഘട്ടം പൂർത്തിയാക്കി പണി പുരോഗമിച്ചു വരുന്നു.

### 2. ഹഡ്കോ ഭവന നിർമ്മാണ പദ്ധതി

പട്ടികവർഗ്ഗക്കാരായ ഭവനരഹിതർക്ക് 5000 വീടുകൾ അനുവദിക്കുന്നതിനായി ഹഡ്കോയിൽ നിന്നും 135 കോടി രൂപ വായ്പ എടുക്കുകയും, സംസ്ഥാനത്തൊട്ടാകെ 5000 പട്ടികവർഗ്ഗക്കാർക്ക് വീടുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം ടി പദ്ധതിയിൽപ്പെടുത്തി 2980 വീടുകൾ അനുവദിച്ചിട്ടുണ്ട്. ആയത് ഒന്നാം ഘട്ടം പൂർത്തിയാക്കി പണി പുരോഗമിച്ചു വരുന്നു.

### 3. വനബന്ധു കല്യാൺ യോജന പദ്ധതി

ഇന്ത്യയിലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമ്പൂർണ്ണ വികസനത്തിനും, ക്ഷേമത്തിനുമായി കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള പട്ടികവർഗ്ഗ കാര്യ മന്ത്രാലയം തുടങ്ങിയ പദ്ധതിയാണിത്. ടി പദ്ധതിയുടെ ഒരു പ്രധാന ഘടകമാണ് ഭവന നിർമ്മാണം. 2016-17 സാമ്പത്തിക വർഷം ടി പദ്ധതിയിൽ ഉൾപ്പെടുത്തി 1854 പട്ടികവർഗ്ഗക്കാർക്ക് വീടുകൾ അനുവദിച്ചിട്ടുണ്ട്. ആയത് ഒന്നാം ഘട്ടം പൂർത്തിയാക്കി പണി പുരോഗമിച്ചു വരുന്നു.

### 2016-17 സാമ്പത്തിക വർഷം വകുപ്പ് മുഖേന അനുവദിച്ച വീടുകളുടെ വിവരം

| *Sl.No* | *Office* | *Allotment of houses 2016-17* | | | | | |
|---|---|---|---|---|---|---|---|
| | | *Hudco PVTG* | *Hudco General* | *TOTAL* | *General Housing* | *Vana Bandhu Kalyan Yojana* | *GRAND TOTAL* |
| *1* | *TDO Chalakudy* | *47* | | *47* | | | *47* |
| *2* | *TDO , Palakad* | *53* | *521* | *574* | | | *574* |
| *3* | *PO, Attapady* | *37* | *429* | *466* | | | *466* |
| *4* | *PO, Nilambur* | *92* | | *92* | | | *92* |
| *5* | *TDO, Kozhikode* | *12* | | *12* | | | *12* |
| *6* | *PO,Kalpetta* | *74* | *813* | *887* | *46* | | *933* |
| *7* | *TDO, Mananthavady* | *134* | | *134* | *622* | *1854* | *2610* |
| *8* | *TDO,Sulthan Bethery* | *728* | | *728* | *1183* | | *1911* |
| *9* | *PO, Kannur* | | | | *24* | | *24* |
| *10* | *TDO, Kasargod* | *40* | | *40* | | | *40* |
| | *TOTAL* | *1217* | *1763* | *2980* | *1875* | *1854* | *6709* |

## 4.എ.റ്റി.എസ്.പി ഭവന നിർമ്മാണ പദ്ധതി

പട്ടികവർഗ്ഗ മേഖലയിൽ സമ്പൂർണ്ണ ഭവന പദ്ധതി സാക്ഷാത്കരിക്കുന്നതിന്റെ ഭാഗ
മായി 2015-16 സാമ്പത്തിക വർഷം എ.റ്റി.എസ്.പി പദ്ധതിയിൽ ഉൾപ്പെടുത്തി 9425
പുതിയ വീടുകൾ അനുവദിക്കുകയും, ആയതിൽ 1323 വീടുകൾ പൂർത്തീകരിക്കു
കയും ഒന്നാം ഘട്ടത്തിൽ 651 വീടുകളും 2-ാം ഘട്ടത്തിൽ 1940 വീടുകളും 3-ാം ഘട്ട
ത്തിൽ 4619 വീടുകളും 4-ാം ഘട്ടത്തിൽ 892 വീടുകളുടെയും നിർമ്മാണ പ്രവൃത്തികൾ
വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ച് വരികയും ചെയ്യുന്നു.

## 1. പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പട്ടികവർഗ്ഗ ഉപപദ്ധതി

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വീടുകൾ നൽകാൻ കേന്ദ്രാവിഷ്കൃത പദ്ധതി
യായ PMAY (ഗ്രാമീൺ) - യിലൂടെ ലക്ഷ്യമിടുന്നു. ബ്ലോക്ക്പഞ്ചായത്തുകൾക്കാണ്
വിഹിതം വകയിരുത്തിയിരിക്കുന്നത്. 2016-17 സാമ്പത്തിക വർഷം നാളിതുവരെയായി
1067 പട്ടികവർഗ്ഗകുടുംബങ്ങൾക്ക് PMAYപദ്ധതി പ്രകാരം വീടുകൾ അനുവദിച്ചിട്ടുണ്ട്.
കൂടാതെ 2015-16 സാമ്പത്തിക വർഷം പട്ടികവർഗ്ഗക്കാർക്കായി അനുവദിച്ച വീടുകളുടെ
പൂർത്തീകരണത്തിന് വകുപ്പിന്റെ വിഹിതമായ 1 ലക്ഷം രൂപ അനുവദിക്കുന്നതിന്
ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് എന്നിവർക്ക് PMAY പദ്ധതിയിൽ നീക്കിവച്ച തുകയിൽ
നിന്നും 2015-16 കമ്മിറ്റഡ് എക്സ്പൻഡിച്ചർ നൽകുന്നതിനായി തുക വിനിയോഗിക്കു
ന്നതിന് സർക്കാർ ഉത്തരവ് (സാധാ) നം. 824/2017/തസ്വഭവ തീയതി 20/03/2017 ന്
അനുമതി നൽകി ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 8 കോടി രൂപ
ഗ്രാമവികസന വകുപ്പ് ചെലവഴിച്ചിട്ടുണ്ട്.